പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4565 — 25.06.2019-ൽ മറുപടിക്ക്

## കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം വ്യക്തമാക്കുമോ; | (എ) | 2017-18 വർഷത്തിൽ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 2018-19 വർഷത്തിൽ "കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ചെങ്ങട കടവിൽ ഭാരതപ്പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മാണം" എന്ന പ്രവൃത്തിയും "പൊൻമള ഗ്രാമ പഞ്ചായത്തിൽ രണ്ടാം വാർഡ് തേമ്പറമ്പ് വടക്കേ കുണ്ടിൽ ഭാഗത്ത്- കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണ ഭിത്തി നിർമ്മാണം" എന്ന പ്രവൃത്തിയും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ ആർ.എം.എഫ് വിദഗ്ധ സമിതി അംഗങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇതിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) നിലവിൽ ആർ.എം.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എന്തെല്ലാം പ്രവൃത്തികളാണ് ആർ.എം.എഫ്. ഉൾപ്പെടുത്തുന്നത്; വ്യക്തമാക്കുമോ? | (സി) | നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. നദീതട സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ആർ.എം.എഫ്-ൽ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ